പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 144

11-02-2013 – ൽ മറുപടിയ്ക്ക്

## കാർഷിക യന്ത്രവത്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്. | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കാനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിലമൊരുക്കൽ, നടീൽ, കളയെടുപ്പ് തുടങ്ങി കൊയ്ത്ത്, മെതി വരെ എല്ലാ ഘട്ടത്തിലും യന്ത്രങ്ങൾ ഉപയോഗിക്കുന്നു. കുട്ടനാട് പാക്കേജിൻ കീഴിൽ ആവശ്യമായ എല്ലാ കാർഷിക യന്ത്രങ്ങളും സ്വരൂപിച്ചിട്ടുണ്ട്. ഇവയിലെല്ലാം കർഷകർക്കും കാർഷിക തൊഴിലാളി കൾക്കും പരിശീലനവും നടത്തിവരുന്നുണ്ട്. കൂടാതെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൃഷി വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയർ സെന്റർ വഴി കർഷകർക്കാവശ്യമായ കാർഷിക യന്ത്രങ്ങൾ മിതമായ വാടക നിരക്കിൽ പരിശീലനം സിദ്ധിച്ച കർഷകർ മുഖേന നൽകിവരുന്നുണ്ട്. കാർഷിക യന്ത്രങ്ങളുടെ പ്രചരണാർത്ഥം ഇവയുടെ പ്രദർശനവും പ്രവർത്തനവും കാർഷിക മേഖലകളിൽ നടത്തിവരുന്ന കര കൃഷിക്കാവശ്യമായ ട്രാക്ടർ, അനുബന്ധ കുഴിയെടുക്കൽ യന്ത്രം, ബ്രഷ്കട്ടർ, ഭൂവികസനത്തിനുവേണ്ട വിവിധ തരം ഉപകരണങ്ങൾ എന്നിവയും പ്രചരിപ്പിച്ച് വരുന്നു. കൂടാതെ കർഷകർക്ക് ആവശ്യമായ കാർഷികയന്ത്രങ്ങൾ വാങ്ങാൻ സബ്സിഡിയും നൽകുന്നുണ്ട്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിന് നീക്കിവച്ച തുക എത്രയാണ് ; | (ബി) | 6,02,07,513/- രൂപ |

| | |
|---|---|
| (സി) പ്രസ്തുത തുകയിൽ നിന്ന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ? | (സി) മുഴുവൻ തുകയും ചെലവഴിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| കാസർഗോഡ് | 29,69,544.00 |
| കണ്ണൂർ | 35,30,039.00 |
| വയനാട് | 34,89,917.00 |
| കോഴിക്കോട് | 59,69,624.00 |
| മലപ്പുറം | 38,92,981.00 |
| പാലക്കാട് | 63,83,318.00 |
| തൃശൂർ | 56,59,238.00 |
| തിരുവനന്തപുരം | 20,17,550.00 |
| കൊല്ലം | 81,40,601.00 |
| പത്തനംതിട്ട | 43,64,374.00 |
| കോട്ടയം | 47,65,374.00 |
| ഇടുക്കി | 24,55,961.00 |
| ആലപ്പുഴ | 47,62,374.00 |
| എറണാകുളം | 18,06,618.00 |

ഇതുകൂടാതെ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) സ്കീം മുഖേന അനുവദിച്ച 13.25 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ